**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.509**

**18.05.2017- ലെ മറുപടിക്ക്**

**ഭരണാനുമതിക്കുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കൽ**

| ചോദ്യം<br>**ശ്രീ.ഒ. ആർ. കേളു**<br>**കെ.വി.വിജയദാസ്**<br>**എം. സ്വരാജ്**<br>**കെ. കെ. രാമചന്ദ്രൻ നായർ** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി** |
|---|---|
| (എ)മൂന്ന് കോടി രൂപയ്ക്ക് താഴെ വരുന്ന പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതി നിർവ്വഹണം ത്വരിതഗതിയിൽ ആക്കുന്നതിനും നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ 1516.88 കോടി രൂപയുടെ പദ്ധതികൾക്ക് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനായി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്താത്തതും 10 കോടിക്ക് താഴെയുള്ളതുമായ പദ്ധതികൾ വർക്കിങ് ഗ്രൂപ്പ് മീറ്റിംഗിൽ വച്ചും 10 കോടിക്ക് മുകളിലുള്ള പദ്ധതികൾ സ്പെഷ്യൽ വർക്കിങ് ഗ്രൂപ്പ് മീറ്റിംഗിൽ വച്ചും തീരുമാനമെടുത്തു ഭരണാനുമതി നൽകി വരുന്നു.<br>ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി 18/01/2017- ലെ സ.ഉ(പി)നം.4/2017/ധന. ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പിന്റെ സാമ്പത്തികാധികാരം 5 കോടിയിൽ നിന്നും 10 കോടിയായും, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ സാമ്പത്തികാധികാരം 10 കോടിയിലധികമുള്ള പ്രോജക്ടുകൾക്കായും നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വർക്കിംഗ് ഗ്രൂപ്പ്, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ സമയബന്ധിതമായി നടത്തുന്നതിനായി 31/03/2017 – ൽ സർക്കുലർ നം. 22/2017/ധന. പ്രകാരവും നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമെ 05/04/2017 – ൽ ബഹു.മുഖ്യമന്ത്രി വിളിച്ചു ചേർത്ത സെക്രട്ടറിമാരുടെ മീറ്റിംഗിൽ 60% പ്ലാൻ സ്കീമുകൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും 2017 ജൂൺ അവസാനത്തോടുകൂടിയും, വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ ജൂലൈ 2017- നും, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ സെപ്റ്റംബർ 2017 -നും RIDF പദ്ധതികൾക്ക് ഭരണാനുമതി ജൂൺ/ജൂലൈ മാസത്തോടുകൂടിയും പൂർത്തീകരിക്കണമെന്നും തീരുമാനമെടുത്തിട്ടുണ്ട്. |

| | |
|---|---|
| (ബി) ബജറ്റിലുള്ള ഒരു പദ്ധതിക്കോ അല്ലെങ്കിൽ ആസ്തിവികസന ഫണ്ടിന്മേൽ ഉള്ള പദ്ധതിക്കോ നിർദ്ദേശം നൽകിയാൽ നിശ്ചിതസമയത്തിനുള്ളിൽ ഭരണാനുമതി ലഭ്യമാക്കത്തക്ക വിധത്തിൽ നടപടി സ്വീകരിക്കുമോ; ഇതിനായി നിയമം ഭേദഗതി ചെയ്യുന്നതിന് നടപടിയുണ്ടാകുമോ; | 22.07.2015-ലെ സർക്കുലർ നം. 67/2015/ധന പ്രകാരം ആസ്തി വികസന ഫണ്ടിൻമേലുള്ള പദ്ധതിക്കുള്ള അനുമതിക്കായി ധനവകുപ്പിന് ലഭ്യമാക്കുന്ന പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് അടുത്ത 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ ധനാനുമതി സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തി ഭരണവകുപ്പിനു നൽകുന്നതും ധനാനുമതി നൽകിയ പ്രവൃത്തികൾക്ക് ഭരണവകുപ്പ അടുത്ത 10 ദിവസങ്ങൾക്കുള്ളിൽത്തന്നെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ മാർക്ക് നൽകേണ്ടതുമാണ്. |
| (സി) വിവിധ ഫിനാൻസ് മോണിറ്ററിംഗ് പ്രോഗ്രാമുകൾ ലഭ്യമായതുകൊണ്ട് സ്ക്രൂട്ടിണി ഓഫ് ഇവാല്യുവേഷന് എളുപ്പമാണെന്നിരിക്കെ എല്ലാ അധികാരങ്ങളും സെക്രട്ടേറിയറ്റിൽ കേന്ദ്രീകരിക്കപ്പെടാതെ വികേന്ദ്രീകരിച്ച് നൽകി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഭരണവകുപ്പിനും വകുപ്പ് തലവന്മാർക്കും സാമ്പത്തികാധികാരം നൽകിക്കൊണ്ട് 01.03.2013 -ലെ സ.ഉ.(പി)110/13/Fin., 05.10.2013 -ലെ സ.ഉ.(പി)506/13/Fin., എന്നിവ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവുകളിലെ സാമ്പത്തികാധികാര പരിധി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**